# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം–* 686560

***ഫോൺ:*** 0481–2733370


## വാർത്താക്കുറിപ്പ്

**2025 ജൂൺ 27**

---

## ഓണേഴ്സ് ബിരുദം; പുതിയതായി അപേക്ഷിക്കാം, ഓപ്ഷനുകൾ മാറാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിലേക്ക് ഇതുവരെ അപേക്ഷിക്കാൻ കഴിയാത്തവർക്ക് ജൂലൈ ഒന്നു മുതൽ മൂന്നു വരെ ഓൺലൈനിൽ* (https://cap.mgu.ac.in) *പുതിയതായി രജിസ്റ്റർ ചെയ്യാം. നേരത്തെ അപേക്ഷിച്ചവർക്ക് ഓപ്ഷനുകൾ മാറ്റുന്നതിനും ഈ സമയപരിധിയിൽ അവസരമുണ്ട്.*

*നിലവിൽ സ്ഥിര പ്രവേശനം എടുത്തവരും ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരും അലോട്ട്മെന്റ് റദ്ദായിപ്പോയവരും ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും പുതിയ ഓപ്ഷൻ നൽകാം.*

*ഒന്നു മുതൽ മൂന്നുവരെ അലോട്ട്മെന്റുകൾക്കായി രജിസ്റ്റർ ചെയ്ത ഓപ്ഷനുകൾ തുടർ അലോട്ട്മെന്റിനായി പരിഗണിക്കില്ല. ഇങ്ങനെ പരിഗണിക്കപ്പെടുന്നതിന് നിലവിൽ അപേക്ഷിച്ചവർ പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യണം.*

*(പി.ആർ.ഒ/39/1748/2025)*

## മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള മൂന്നാം അലോട്ടെ്മെന്റ് പ്രസിദ്ധീകരിച്ചു.*

*ആദ്യ രണ്ട് അലോട്ടെ്മെന്റുകളിൽ താത്കാലിക പ്രവേശനം എടുത്തവരും മൂന്നാം അലോട്ട്മെന്റ് ലഭിച്ചവരും ജൂൺ 30ന് വൈകുന്നേരം നാലിനു മുൻപ് സ്ഥിര*

*പ്രവേശനം നേടണം.*

*ഒന്നാം ഓപ്ഷൻ ഒഴികെയുള്ള ഓപ്ഷനുകളിൽ പ്രവേശനം ലഭിച്ച എസ്.സി, എസ്.ടി വിഭാഗക്കാർക്ക് ഈ വിഭാഗത്തിനുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് വരുന്നതുവരെ താത്കാലിക പ്രവേശനത്തിൽ തുടരാം.*

*(പി.ആർ.ഒ/39/1749/2025)*

## ഐയുസിബിആർ സ്ഥാപന ദിനാഘോഷവും സെമിനാറും ഇന്ന്

*മഹാത്മാ ഗാന്ധി സർവകലാശാലയ്ക്കു കീഴിൽ തലപ്പാടിയിൽ പ്രവർത്തിക്കുന്ന ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ(ഐയുസിബിആർ ആന്റ് എസ്എസ്) പത്താമത് സ്ഥാപന ദിനാഘോഷവും സെമിനാറും ഇന്ന്(ജൂൺ 28) നടക്കും.*

*വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ഡോ. കെ. ജയചന്ദ്രൻ രാവിലെ 10.30ന് ഉദ്ഘാടനം നിർവഹിക്കും. ഐയുസിബിആർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കോട്ടയം മെഡിക്കൽ കോളജിലെ ന്യൂറോളജി വിഭാഗം മേധാവി ഡോ. വി. ബീന മുഖ്യാതിഥിയായി പങ്കെടുക്കും.*

*ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജി ഡയറക്ടർ പ്രഫ. സാബു തോമസ്, ഡോ. ഗൗതം ചന്ദ്ര, നിഷാദ് കീത്തടത്ത് തുടങ്ങിയവർ സംസാരിക്കും.*

*ബയോമെഡിക്കൽ ഗവേഷണ മേഖലയിലെ പുതിയ പ്രവണതകളെക്കുറിച്ചുള്ള സെമിനാറിൽ ഡോ. വി.ബി. സ്മിത, ഡോ. ഉണ്ണികൃഷ്ണൻ ശിവൻ, ഡോ. സെന്തിൽ കുമാർ മുത്തുസ്വാമി തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. വിദ്യാർഥികളുടെ പോസ്റ്റർ അവതരണവും ഇതോടനുബന്ധിച്ചു നടക്കും.*

*(പി.ആർ.ഒ/39/1750/2025)*

## വൈവ വോസി

*നാലാം സെമസ്റ്റർ എംഎ (സിഎസ്എസ്-2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) മദ്ദളം പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രൊജക്റ്റ്, കോംപ്രിഹെൻസീവ് വൈവ വോസി പരീക്ഷകൾ ജൂലൈ 10,11 തീയതികളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1751/2025)*

## പരീക്ഷാ ഫലം

*നാലാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ ഡ്യൂവൽ ഡിഗ്രി മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ ഐഎംസിഎ (2022 അഡ്മിഷൻ റഗുലർ, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), നാലാം സെമസ്റ്റർ ഡിഡിഎംസിഎ (2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 11 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

..............................

*നാലാം സെമസ്റ്റർ എൽഎൽഎം ബ്രാഞ്ച് 1 കൊമേഴ്സ്യൽ ലോ, ബ്രാഞ്ച് 2 ക്രിമിനൽ ലോ, ബ്രാഞ്ച് 3 മാരിടൈം ലോ (2022 അഡ്മിഷൻ റഗുലർ), ബ്രാഞ്ച് 1 കൊമേഴ്സ്യൽ ലോ, ബ്രാഞ്ച് 2 ക്രിമിനൽ ലോ (2021അഡ്മിഷൻ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 14 വരെ നിശ്ചിത ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.*

*(പി.ആർ.ഒ/39/1752/2025)*

## പരീക്ഷാ കേന്ദ്രം അനുവദിച്ചു

*ജൂൺ 30ന് ആരംഭിക്കുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ ഒന്നും രണ്ടും സെമസ്റ്റർ എം.എ, എംസ്സി,എംകോം (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾക്ക് കേന്ദ്രങ്ങൾ അനുവദിച്ച ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. വിദ്യാർഥികൾക്ക് അനുവദിക്കപ്പെട്ട കേന്ദ്രങ്ങളിൽനിന്ന് ഹാൾ ടിക്കറ്റുകൾ വാങ്ങാം.*

*(പി.ആർ.ഒ/39/1753/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ